**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1270** **04-07-2022 - ൽ മറുപടിയ്ക്ക്**

**പീപ്പിൾസ് ഗ്രീൻ റസ്റ്റ് ഹൗസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വകുപ്പിന്റെ പരിധിയിൽ വരുന്ന റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റസ്റ്റ് ഹൗസുകളിലും 2021 നവംബർ മാസം ഒന്നാം തീയതി മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും നിലവിലെ ചട്ടങ്ങൾക്കനുസൃതമായി മുറികൾ ഏതു സമയത്തും എവിടെ നിന്നും ബുക്കു ചെയ്യാൻ സാധിക്കുന്നു.<br>ഓൺലൈൻ ബുക്കിംഗുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും ഓൺലൈൻ ബുക്കിംഗ് സുഗമമാക്കുന്നതിനും കേന്ദ്രീകൃത കൺട്രോൾ റൂം പബ്ലിക് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>തെരഞ്ഞെടുക്കപ്പെട്ട റസ്റ്റ്ഹൗസുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടുതൽ റസ്റ്റ് ഹൗസുകളിൽ കാന്റീൻസൗകര്യം ഏർപ്പെടുത്തി.<br>റസ്റ്റ്ഹൗസുകളുടെ പരിസരം, ഗാർഡൻ എന്നിവയുടെ പരിപാലനം കുടുംബശ്രീ വഴി നടപ്പിലാക്കുവാനുള്ള ചർച്ചകൾ നടത്തി വരുന്നു. |
| (ബി) | പീപ്പിൾസ് ഗ്രീൻ റസ്റ്റ് ഹൗസ് പദ്ധതി വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | റസ്റ്റ് ഹൗസ് പരിസരം ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി 2021-ലെ ഗാന്ധിജയന്തി ദിനത്തിലും 2022-ലെ പരിസ്ഥിതി ദിനത്തിലും മന്ത്രിമാർ, സ്ഥലം എം.എൽ.എ മാർ എന്നിവരുടെ നേതൃത്വത്തിൽ റസ്റ്റ് ഹൗസ് പരിസരങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിക്കുകയുണ്ടായി. കൂടാതെ അതാതു സ്ഥലങ്ങളിലെ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്കുകൾ എന്നീ സ്ഥലങ്ങളിലെ എൻ.സി.സി വോളന്റീയർമാരുമായി ചേർന്ന് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ലാന്റ് സ്കേപ്പിങ്ങ് ചെയ്യുന്നതിനുമുള്ള ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ